"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - ഉപ്പുതറ ഗ്രാമപഞ്ചായത്ത് - ആയുർവേദ ആശുപത്രി ഉദ്ഘാടനം, മികവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് അംഗീകാരം - ഉദ്ഘാടനത്തിനായി അധികമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.2134/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/10/2021

---

പരാമർശം:-
1. 28/12/2015 ലെ സ.ഉ(സാധാ)നം.3866/2015/തസ്വഭവ നമ്പർ ഉത്തരവ്
2. ഉപ്പുതറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.06.2018 ലെ 22/1 നമ്പർ തീരുമാനം.
3. ഉപ്പുതറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.06.2018 ലെ കത്ത്,
4. പഞ്ചായത്ത് ഡയറക്ടറുടെ 07.02.2019 ലെ PAN/20698/2018-G1(DP) നമ്പർ കത്ത്.

**ഉത്തരവ്**

ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിടം, പുതുതായി പണിയുന്ന ടൗൺ ഹാളിന്റെ നിർമ്മാണ ഉദ്ഘാടനം, പഞ്ചായത്തിലെ ഉന്നത വിജയം നേടിയ കുട്ടികളെ ആദരിക്കൽ എന്നിവ ബഹു. വൈദ്യുത വകുപ്പ് മന്ത്രി നിർവ്വഹിക്കുകയുണ്ടായി എന്നും ഉദ്ഘാടനത്തിനും അനുമോദന ചടങ്ങിനും ഗ്രാമപഞ്ചായത്തിന് ആകെ 99961/- രൂപ ചെലവ് ഉണ്ടായിട്ടുണ്ടെന്നും, ആയതിനാൽ അധിക തുക ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്നും പരാമർശം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ ഉദ്ഘാടന ചടങ്ങിനായി 99961/- ചെലവായതിൽ പരാമർശം 1 ഉത്തരവ് പ്രകാരം ചെലവഴിക്കാവുന്ന 25000/- രൂപയിൽ കൂടുതലായി ചെലവഴിച്ച 74,961/- (എഴുപത്തിനാലായിരത്തി തൊണ്ണായിരത്തി അറുപത്തിയൊന്ന് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Ganga G R
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്, ഉപ്പുതറ ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by M.k.pradeesh
Kumar
Date: 18-11-2021 14:59:13
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്